**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5530** **03-11-2021 - ൽ മറുപടിയ്ക്ക്**

**സ്കാനറുകളും എക്സ്റേ മെഷീനുകളും കേടു വരുത്തുന്നതായ ആക്ഷേപം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും സ്കാനറുകളും എക്സ്റേ മെഷീനുകളും തകരാറിലാക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പ്രസ്തുത ആശുപത്രികളിൽ എക്സ്റേ, സ്കാനിംഗ് എന്നിവക്കായി രോഗികളെ സ്വകാര്യ ലാബുകളിലേക്ക് അയക്കുന്ന പ്രവണത വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | പ്രസ്തുത വിഷയത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഈ വിഷയത്തിൽ അന്വേഷണം നടത്തേണ്ട സാഹചര്യം ഉണ്ടായിട്ടില്ല. |
| (ഡി) | ഇത്തരം ഉപകരണങ്ങളുടെ സംരക്ഷണത്തിനായി ആശുപത്രി അധികൃതർ ഒരുക്കിയിരിക്കുന്ന സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ? | (ഡി) | എക്സ് റേ മെഷീനുകൾ, സി.റ്റി സ്കാനറുകൾ തുടങ്ങിയ ഉപകരണങ്ങളുടെ വാറണ്ടി പിരീഡ് കഴിഞ്ഞാൽ AMC/CAMC നൽകുന്നതിനും തുടർന്ന് ഇവ പുതുക്കുന്നതിനും മറ്റുമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. സ്കാനറുകളും, എക്സ്റേ മെഷീനുകളും സ്ഥാപിക്കുന്നത് അതാത് കമ്പനികൾ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ക്കനുസരിച്ച് നിർമ്മിച്ചിട്ടുള്ള മുറികളിലാണ്. കോടികൾ വിലമതിക്കുന്ന എം.ആർ.ഐ സ്കാനർ, സി.റ്റി സ്കാനർ, ഡി.എസ്.ഐ മെഷീൻ എന്നിവയുടെ സ്ഥാപിക്കൽ ഉത്തരവാദിത്തം അതാത് കമ്പനികൾക്ക് തന്നെയാണ്. ഈ മെഷീനുകളുടെ തുടർന്നുള്ള പരിപാലനത്തിനുള്ള കൃത്യമായ വ്യവസ്ഥകൾ മെഷീൻ വാങ്ങുമ്പോൾ ഏർപ്പെടുന്ന കരാറുകളിൽ ഉൾപ്പെടുത്തി വരുന്നുണ്ട്. ഇു പ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്. ആരോഗ്യ വകുപ്പിന് കീഴിലുള്ള ആശുപത്രികളിലെ ഉപകരണങ്ങളുടെ തകരാർ പരിഹരിക്കുന്നതിനായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ തേർഡ് പാർട്ടി |

| | | | |
|---|---|---|---|
| | | | സർവീസ് (ബയോമെഡിക്കൽ എക്യുപ്മെന്റ്സ് മെയിന്റനൻസ് പ്രോഗ്രാം) കരാർ ഏർപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ടി ഉപകരണങ്ങൾക്ക് ഉണ്ടാകുന്ന തകരാർ സമയബന്ധിതമയി കരാറുകാരൻ പരിഹരിക്കുന്നതാണ്. മെഡിക്കൽ കോളേജ് ആശുപത്രികളിലെ ഉപകരണങ്ങൾ കൂടി ഉൾപ്പടുത്തിക്കൊണ്ട് പുതിയ പദ്ധതി നടപ്പിലാക്കുന്നതിനായുള്ള ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. കൂടാതെ ബയോമെഡിക്കൽ എഞ്ചിനീയറുടെ മേൽ നോട്ടത്തിൽ താത്കാലികമായി ഉണ്ടാകുന്ന തകരാറുകൾ യഥാസമയം പരിഹരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ